LIBRARY ARCHIVES Kerala Legislative Assembly

ഉൾനാടൻ മത്സ്യകൃഷി

279(585) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മാർക്കറ്റ് കണ്ടെത്തുന്നതിനും ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി രീതികളുടെ നിർവ്വഹണത്തിന് ആവശ്യമായുള്ള ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങളെ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഹാച്ചറികളിൽ നിന്നും കൂടാതെ വകുപ്പിന്റെ കീഴിലെ ഏജൻസിയായ അഡാക്കിൽ നിന്നും വിതരണം ചെയ്തുവരുന്നു. കൂടാതെ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പിന്നാമുറങ്ങളിലെ കരിമീൻ വിത്തുല്പാദനം, പിന്നാമുറങ്ങളിലെ വരാൽ വിത്തുല്പാദനം എന്നീ പദ്ധതികൾ മുഖേനയും ഗുണമേന്മയുള്ള മത്സ്യ വിത്ത് വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സർക്കാർ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള സർക്കാർ ധനസഹായ പദ്ധതികൾ. സമ്പാദ്യ സമാശ്വാസ പദ്ധതി - ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ച മാസങ്ങളിൽ 4500 രൂപയുടെ ധനസഹായം. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി. കേരള മത്സ്യത്തൊഴിലാളി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1600 രൂപ പെൻഷൻ. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് 50,000 രൂപയുടെ ധനസഹായം. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10000 രൂപയുടെ ധനസഹായം. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് 600 രൂപയുടെ ധനസഹായം. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം, മാരക രോഗ ചികിത്സാ പദ്ധതി, മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം, വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

280(586) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ശുദ്ധജല ആവാസ വ്യവസ്ഥകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

പ്രളയാനന്തരം ശുദ്ധജല ആവാസ വ്യവസ്ഥകളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുഴകളിലും മറ്റ് ഉൾനാടൻ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ Kerala Reservoir Fisheries Development Programme-ന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ശുദ്ധജല ആവാസവ്യവസ്ഥകളിൽപ്പെടുന്ന പൊതുകുളങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.